## ജലജീവൻ പദ്ധതി നിർവ്വഹണം നടത്തുന്നതിനായി കുടുംബശ്രീ വിവിധ തസ്തികയിലേക്ക് വീണ്ടും അപേക്ഷ ക്ഷണിച്ചു.

ഈ വിഷയവുമായി ബന്ധപ്പെട്ട് മുൻ നോട്ടിഫിക്കേഷന്റെ അവസാന ദിവസം ജൂലായ് മാസം 5-ാം തീയതി ആയിരുന്നു. മേൽ തീയതിയിൽ മതിയായ യോഗ്യതയുള്ള അപേക്ഷകൾ ലഭിക്കാത്ത സാഹചര്യത്തിലാണ് വീണ്ടും അപേക്ഷ സ്വീകരിക്കുന്നത്. **ജൂലായ് 5 ന് മുൻപ്** ഏതെങ്കിലും വഴി ( മെയിൽ, തപാൽ, ഓഫീസിൽ നേരിട്ട് എത്തിക്കൽ) അപേക്ഷിച്ചിട്ടുള്ളവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

ജലജീവൻ പദ്ധതിയുടെ നിർവ്വഹണ സഹായ ഏജൻസിയായി വിവിധ ഗ്രാമപഞ്ചായത്തുകളിൽ കുടുംബശ്രീയെ നിയമിച്ചതിന്റെ ഭാഗമായി ജില്ലയിലെ വിവിധ പഞ്ചായത്തുകളിലുള്ളവർക്ക് ശുദ്ധജലം എത്തിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത്, സമിതികൾ, ഗുണഭോക്താക്കൾ എന്നിവരെ സജ്ജമാക്കുന്നതിനും നിർവ്വഹണ ഏജൻസികൾക്ക് ആവശ്യമായ സഹായം നല്കുന്നതിനും വിവിധ തസ്തികകളിലേക്ക് താൽകാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതിനന് മലപ്പുറം കുടുംബശ്രീ ജില്ലാമിഷൻ അപേക്ഷ ക്ഷണിച്ചു.

| ക്രമ നമ്പർ | തസ്തിക | യോഗ്യത | ഒഴിവുകളുടെ എണ്ണം - 22 |
|---|---|---|---|
| 1 | ടീം ലീഡർ | **വിദ്യാഭ്യാസ യോഗ്യത എം.എസ്.ഡബ്ല്യൂ /എം.എ.സോഷ്യോളജി** പ്രവൃത്തി പരിചയം ; റൂറല് ഡെവലപ്മെന്റ് പ്രോഗ്രാം/സാമൂഹ്യസേവനം/ സാമൂഹ്യ കുടിവെള്ള പദ്ധതി എന്നിവയിൽ ഏതെങ്കിലും ഒന്നില് 3 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം, (ടൂവിലർ, കമ്പ്യൂട്ടർ പരിജ്ഞാനം അഭികാമ്യം). ഒഴിവുകളുടെ എണ്ണം 22, പ്രവർത്തന പരിധി - ഒരു പഞ്ചായത്ത്. | 1. ആനക്കയം<br>2. ഒതുക്കുങ്ങൽ<br>3. പൊന്മള<br>4. ആലിപ്പറമ്പ്<br>5. അങ്ങാടിപ്പുറം<br>6. തെന്നല<br>7. പറപ്പൂർ<br>8. ഏലംകുളം<br>9. കീഴാറ്റൂർ<br>10. മേലാറ്റൂർ<br>11. താഴേക്കോട്<br>12. വെട്ടത്തൂർ<br>13. പുലാമന്തോൾ<br>14. കരുളായി<br>15. കരുവാരക്കുണ്ട്.<br>16. തുവ്വൂർ<br>17. നിറമരുതൂർ<br>18. ഒഴൂർ<br>19. വെട്ടം<br>20. പെരുമണ്ണക്ലാരി<br>21. തിരുന്നാവായ<br>22. ആതവനാട്, |
| 2 | **കമ്മ്യൂണിറ്റി എഞ്ചിനിയർ:** | **വിദ്യാഭ്യാസ യോഗ്യത ഡിപ്ലോമ/ഡിഗ്രി ഇൻ സിവില് എഞ്ചിനിയറിംഗ്** പ്രവൃത്തി പരിചയം: റൂറല് ഡെവലപ്മെന്റ് പ്രോഗ്രാം/സാമൂഹ്യസേവനം/ സാമൂഹ്യ കുടി വെള്ള പദ്ധതി എന്നിവയിൽ ഏതെങ്കിലും ഒന്നിൽ 2 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം, (ടൂവിലർ, കമ്പ്യൂട്ടർപരിജ്ഞാനം അഭികാമ്യം) ഒഴിവുകളുടെ എണ്ണം 22, പ്രവർത്തന പരിധി - ഒരു പഞ്ചായത്ത് | |
| 3 | **കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർ:** | **വിദ്യാഭ്യാസ യോഗ്യത – ഏതെങ്കിലും വിഷയത്തിൽ ബിരുദം** പ്രവൃത്തി പരിചയം: ഡിഗ്രി, റൂറല് ഡെവലപ്മെന്റ് പ്രോഗ്രാം/സാമൂഹ്യസേവനം/ സാമൂഹ്യ കുടിവെള്ള പദ്ധതി എന്നിവയിൽ ഏതെങ്കിലും ഒന്നിൽ 2 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം. (ടൂവിലർ, കമ്പ്യൂട്ടർ പരിജ്ഞാനംഅഭികാമ്യം). ഒഴിവുകളുടെഎണ്ണം 22, പ്രവർത്തന പരിധി - ഒരു പഞ്ചായത്ത്. | |

☞ **കരാർ കാലാവധി 18 മാസം ആയിരിക്കും**

**ടീംലീഡർ-**

10000/- രൂപ പ്രതിമാസവേതനവും പുറമെ ടാർജറ്റ് പൂർത്തികരിക്കുന്ന മുറക്ക് ഇൻസെന്റീവായി 6000/- രൂപയും

**കമ്മ്യൂണിറ്റി എൻജിനിയർ-**

12000/- രൂപ പ്രതിമാസവേതനവുംകൂടാതെ ടാർജറ്റ് പൂർത്തികരിക്കുന്നമുറക്ക് 8000 രൂപ ഇൻസെന്റീവ് ആയും അനുവദിക്കുന്നതാണ്.

**കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർ-**

8000/- രൂപ പ്രതിമാസവേതനവും ,ടാർജറ്റ് പൂർത്തീകരിക്കുന്ന മുറക്ക് 4500/- രൂപ ഇൻസെന്റീവും അനുവദിക്കുന്നതാണ്.

- വനിതകൾക്കും, അതാത് പഞ്ചായത്തിൽ നിന്നുള്ള വ്യക്തികൾക്കും മുൻഗണന
- കുടുംബശ്രീ കുടുംബാംഗമായിരിക്കണം.
- എഴുത്ത് പരിക്ഷയുടെയും, അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ ആയിരിക്കും നിയമനം
- വിശദവിവരങ്ങൾ പ്രവൃത്തി ദിനങ്ങളിൽ കുടുംബശ്രീ ജില്ലാ മിഷൻ ഓഫിസിൽ നിന്നും അതാത് പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്നതാണ്.

**മേൽ പറഞ്ഞ യോഗ്യതകൾ ഉള്ള മതിയായ അപേക്ഷകർ ഇല്ലാത്ത പക്ഷം ലഭിച്ച അപേക്ഷകളിൽ നിന്ന് കൂടുതൽ യോഗ്യതയുള്ളവരെ തിരഞ്ഞെടുക്കുന്നതാണ്.**

അപേക്ഷകൾ അയക്കേണ്ട **അവസാന തീയതി 2021 സെപ്തംബർ 30.** അപേക്ഷകൾ മലപ്പുറം സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ നേരിട്ടോ തപാൽ വഴിയോ എത്തിക്കേണ്ടതാണ്. **(മെയിൽ ചെയ്യുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല). സെപ്തംബർ 30 ന് 5 മണിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.**

മലപ്പുറം

20.09.2021

KUDUMBASHREE DISTRICT MISSION Malappuram

**ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ**

District Mission Co-ordinator
Kudumbashree
State Poverty Eradication Mission
Malappuram